ശ്രീമതി കുസുമം : പുതുളി, കീരിത്തോട് [രോഗത്തു നിന്നും ഇറക്കിയ ആളുകൾക്ക് കൊടുക്കുന്ന ഭൂമി പുതുക്കമെങ്കിലും മോശമാണെന്നു ഗവണ്മെൻറിനറിയാമോ ? അവിടെ നിന്നും ഇറക്കിയ പുതുക്കംചില ആളുകൾക്ക് ഭൂമി കിട്ടിയിട്ടില്ലെന്നും അവരുടെ കൃഷിക്ക് നിയമമനുസരിച്ച് ദേഹണ്ഡങ്ങളുടെ പ്രതിഫലം കിട്ടിയിട്ടില്ലെന്നും പരാതി കിട്ടിയിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : എസ്റ്റാബ്ലിഷ്മെൻറ് സംഖ്യ എല്ലാവർക്കും കിട്ടിയിട്ടില്ലെന്ന പരാതിയുണ്ട്. അതിനു കുറേക്കൂടി സംഖ്യ അലോട്ടു ചെയ്യേണ്ടിവന്നു. അതു് ഇന്നുതന്നെ വിതരണം ചെയ്യാൻ സാധിക്കുമെന്നാണു് പ്രതീക്ഷിക്കുന്നതു്. ലിസ്റ്റിൽ ഉണ്ടായിരുന്ന ചിലർക്ക് കിട്ടിയില്ലെന്ന പരാതികിട്ടി. അതിനെപ്പറ്റി അന്വേഷിക്കാൻ എറണാകുളം ഡിസ്ട്രിക്റ്റ് കളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ഫൈലേറിയ ഫീൽഡ് വർക്കേഴ്സ്

* 957. [20] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 8-3-1963-ൽ കണ്ടിജൻസിയായി ജോലിനോക്കിവന്നിരുന്ന ഫൈലേറിയാഫീൽഡ് വർക്കേഴ്സിനെ പിരിച്ചു വിട്ടുവോ ; എങ്കിൽ അവരെ തിരിച്ചു് നിയമിക്കുന്നതിനു് ഗവണ്മെൻറിന്റെ സത്വരശ്രദ്ധ പതിപ്പിക്കുമോ ;

(ബി) മലേറിയവകുപ്പിൽ ജോലിനോക്കുന്ന പെർമനൻറ് ഫീൽഡ് വർക്കേഴ്സിനെ ഇപ്പോഴും പിരിച്ചു വിടുന്ന വർക്കേഴ്സിന്റെ കൂട്ടത്തിൽ പിരിച്ചു വിടുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി .ഗോവിന്ദൻനായർ)

(എ) 137 പേരെ പിരിച്ചു വിട്ടിട്ടുണ്ട്. അവരെ തിരിച്ചു നിയമിക്കുന്ന കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലാണു്.

(ബി) ഇല്ല.

ന്യായവില ഷാപ്പുകളിലെ അരിവിതരണം.

* 958 [21] ശ്രീ. പി. സി. രാഘവൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ ;

(എ) ന്യായവില ഷാപ്പുകളിൽ ഇപ്പോഴും കൊടുത്തുവരുന്ന അരിയുടെ തോതെത്ര ;

(ബി) ഈ തോതു് വർദ്ധിപ്പിക്കാനുള്ള വല്ലനടപടികളും ഗവണ്മെൻറ് എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) മറ്റു വല്ല ആഹാരസാധനവുംകൂടി പുതുങ്ങിയവിലയ്ക്കു് ന്യായവിലഷാപ്പുമുഖേന വിതരണം ചെയ്യാനുള്ള നടപടികളെടുക്കുമോ ;

(ഡി) ഇന്നുകൊടുത്തുവരുന്ന തോതിലുള്ള അരിവിഹിതം കൊടുക്കുകയാണെങ്കിൽ പുറമേ നിന്നു് വർഷംപ്രതി ഇറക്കുമതി ചെയ്യേണ്ടുന്ന അരി എത്ര ?

Mr. Speaker: Question No. 21 by Shri P. C. Raghavan Nair. The same question has been answered three times on the floor of the House.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. രാഘവൻ നായർ: (സി)യ്ക്ക് ഉത്തരം കിട്ടിയിട്ടില്ല.

Mr. Speaker: Part (c) may be answered.

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്) :

(സി) അരിക്കു പുറമേ ഗോതമ്പും പഞ്ചസാരയും കൂടി ഒരു നിശ്ചിത വിലയ്ക്ക് ന്യായവില ഷാപ്പുകളിൽ കൂടി വിതരണം നടത്തുന്നുണ്ട്.

ശ്രീ. പി. വി. കുഞ്ഞുണ്ണി നായർ : പഞ്ചസാര പാലക്കാട്ട് ജില്ലയിൽ തീരെ കിട്ടുന്നില്ല. ബ്ലാക്ക് മാർക്കറ്റിലാണ് ആളുകൾ വാങ്ങുന്നത്. പഞ്ചസാര ശരിയായി കിട്ടുന്നതിനുള്ള നടപടി എടുക്കുമോ ?

ശ്രീ. ഇ. പി പൗലോസ് : എവിടെയാണ് ക്രമക്കേടുള്ളതെന്നു പറഞ്ഞാൽ നടപടി എടുക്കാം.

ശ്രീ. ആർ കൃഷ്ണൻ : സ്വർണ്ണത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്യുവകയിൽ ന്യായവില ഷാപ്പുകാർക്ക് കൊടുക്കാനുള്ള സംഖ്യ കൊടുത്തുതീർക്കുന്നതിനുള്ള നടപടിയെടുക്കുമോ ?

ശ്രീ. ഇ. പി. പൗലോസ് : അതു കൊടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇപ്പോഴും അങ്ങനെ പരാതിയൊന്നും വന്നിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : കൃഷി വികസന പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിൽ ഉല്പാദനം വർദ്ധിച്ചുവരുന്നതുകൊണ്ട് പുറമേനിന്നു ഇറക്കുമതി ചെയ്യുന്ന അരിയുടെ തോതു് അടുത്ത കാലങ്ങളിൽ കുറഞ്ഞിട്ടുണ്ടോ ; ഇനി കുറയാൻ ഇടയുണ്ടോ ?

ശ്രീ. ഇ. പി. പൗലോസ് : അതിന്റെ കണക്കാണ് ഞാൻ കുറെമുമ്പ് പറഞ്ഞതു്. പത്തു ലക്ഷം ടണ്ണിൽ കൂടുതലായിരുന്നു. മാർച്ച് അവസാനം വരെ ഒൻപതുലക്ഷത്തിൽ അല്പം കൂടുതലേയുള്ളു. അല്പം വ്യത്യാസം വന്നിട്ടുണ്ട്.

ശ്രീ. കെ. ഹസ്സൻഗനി : ആന്ധ്രാ, മദ്രാസ് മുതലായ പ്രദേശങ്ങളിൽ ചിലയിനം അരിക്ക് റെസ്ട്രിക്ഷൻ വച്ചിട്ടുള്ളതുകൊണ്ട് നമ്മുടെ മാർക്കറ്റിൽ അത്തരം അരി ലഭിക്കുന്നില്ലെന്നും പച്ചരിക്ക് 60 രൂപാ വരെ വിലയുണ്ടെന്നും ഉള്ളതുകൊണ്ട് നമ്മെ സംബന്ധിച്ചിടത്തോളം ആ റസ്ട്രിക്ഷനു് അയവു വരുത്തുന്നതിനുള്ള നടപടിയെടുക്കുമോ ?

ശ്രീ. ഇ. പി. പൗലോസ് : ഇതു സംബന്ധിച്ചു ഞാൻ അന്വേഷിച്ചു നോക്കി. എല്ലാവെറൈറ്റിയും കിട്ടാനുള്ള ബുദ്ധിമുട്ട് വന്നിട്ടുണ്ട്. അതിനു് എന്തുചെയ്യാമെന്നു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്. കഴിവുള്ളതു ചെയ്യാം.

ശ്രീ. കെ. ആർ. വിജയൻ : ന്യായവില ഷാപ്പുകാർ ചില പരാതികൾ സമർപ്പിച്ചിരുന്നു. അതു പരിഹരിക്കുന്നതിനു ഇതുവരെ നടപടി എടുത്തിട്ടില്ലെങ്കിൽ അടിയന്തിരമായി അതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. പി. പൗലോസ് : അവർ പറഞ്ഞ ഏറ്റവും പ്രധാനമായ ആക്ഷേപം, ഇപ്പോഴത്തെ മാർജിനൽ പ്രോഫിറ്റു് മതിയാകുന്നില്ലെന്നും അതിൽമാത്രം നിൽക്കുകയാണെങ്കിൽ, ചില കേസുകളിൽ നഷ്ടം പോലും വരുമെന്നുമാണു്. ഇതിൽ കുറെ അടിസ്ഥാനമുണ്ടെന്നുകണ്ടു് മാർജിനൽ പ്രോഫിറ്റു് റിവൈസു് ചെയ്യുന്നതിനുള്ള ഡയറക്ഷൻ കൊടുത്തിട്ടുണ്ട്. മറ്റൊരാക്ഷേപം, സ്റ്റോക്കു് മാറ്റി അളവാക്കികിട്ടണമെന്നാണു്. അതു കുറെ ബുദ്ധിമുട്ടുള്ള കാര്യമാണു്. സ്റ്റോക്കു മാറ്റി അളവു കിട്ടണമെന്നുപറഞ്ഞതു് കുറെ മിച്ചം കിട്ടണമെന്നുള്ള ഉദ്ദേശത്തിലാണു്. ക്രമരഹിതമായ ഒരു നടപടിയായതുകൊണ്ടു് ഇതിൽ ബുദ്ധിമുട്ടുണ്ടെന്നു് അറിയിച്ചു.

ശ്രീ. വി. പി. സി. തങ്ങൾ : പാലക്കാട്ട് ജില്ലയിൽ പഞ്ചസാരയ്ക്ക് സ്പെഷ്യൽ പെർമിറ്റു് കൊടുക്കുന്നില്ലെന്നറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. പൗലോസ് : സ്പെഷ്യൽ പെർമിറ്റ് കൊടുക്കാൻ പാടില്ലെന്ന പറഞ്ഞിട്ടില്ല. ഉദ്യോഗസ്ഥന്മാരുടെ യുക്തം അനുസരിച്ച് കൊടുക്കും.

ശ്രീ. ഇ. പി. ഗോപാലൻ : കഴിഞ്ഞകൊല്ലവും ഈക്കൊല്ലവുമായിട്ട് ഒരു പ്രത്യേകതരം അരിക്ക് (പാലക്കാട്ട പട്ട) കഴിഞ്ഞകൊല്ലം നാല്പതു്, നാല്പപ്പത്തിഒന്നു രൂപ ചാക്കിനു വിലയുണ്ടായിരുന്നതു് ഇപ്പോൾ 51 രൂപയായി കയറിയിട്ടുണ്ട് എന്നുള്ളതിനെ പരിഗണിച്ച് പാലക്കാട്ട ജില്ലയിൽ കൂടുതൽ ഫെയർ പ്രൈസ് ഷാപ്പുകൾ അനുവദിക്കാൻ മയവുണ്ടാകുമോ ?

ശ്രീ. ഇ. പി. പൗലോസ് : അടുത്തകാലത്തായി കുറെ കൂടുതൽ കടകളൊക്കെ അനുവദിച്ചുകൊടുത്തിട്ടുണ്ട്. മുമ്പ് അവിടെ ന്യായവിലഷാപ്പുകൾ വേണ്ടായെന്ന പറഞ്ഞിട്ടുള്ളതാണു്. എന്നാൽ ഈ അടുത്തദിവസം കുറെ ന്യായവിലഷാപ്പുകൾ അനുവദിച്ചു.

ശ്രീ. പി. ബാലചന്ദ്രമേനോൻ : പ്ലാന്റേഷൻസിലും വ്യവസായശാലകളിലുംഉള്ള തൊഴിലാളികളുടെ ആവശ്യത്തിനായി ഫെയർ പ്രൈസ് ഷാപ്പുകൾ തുടങ്ങുന്നതിനാവശ്യമായ അരിയും മറ്റു സാധനങ്ങളും വിതരണം ചെയ്യുന്നതിനു് ഗവണ്മെന്റു ശ്രമിക്കുമോ ? ഗവണ്മെന്റിൽനിന്നും അങ്ങനെയുള്ള സഹായം കിട്ടാതെ അവർക്ക് ഇങ്ങനെ കൺസ്യൂമർ സൊസൈറ്റീസ് സ്ഥാപിക്കാൻ സാധിക്കുകയില്ലെന്നു് ഏ. പി. കെ. ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടെന്നു പറയുന്നതു ശരിയാണോ ?

ശ്രീ. ഇ. പി. പൗലോസ് : മലയാളം പ്ലാന്റേഷൻസിനെ സംബന്ധിച്ചിടത്തോളം അവരുടേതായിട്ടുള്ള കടകൾ അവർ നടത്തുന്നുണ്ട്. മറ്റു പ്ലാന്റേഷൻസിന്റെ കാര്യത്തെപ്പറ്റി ഗവണ്മെന്റു് എന്തു സഹായം തരുമെന്നുള്ളതെല്ലാം സംബന്ധിച്ച് ക്ലാറിഫിക്കേഷൻ ഗവണ്മെന്റിനോടു ചോദിച്ചിരിക്കുകയാണു്, ഗവണ്മെന്റിൽനിന്നും ഫൈനാൻഷ്യൽ അസിസ്റ്റൻസുകൊടുക്കുന്ന കാര്യം ഇൻഡ്യാഗവണ്മെന്റു സമ്മതിച്ചിട്ടില്ല. നാം അയച്ച പ്രൊപ്പോസൽസ് എല്ലാം ഗവണ്മെന്റു് ആഫ് ഇൻഡ്യാ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ അവയൊന്നംതന്നെ മറ്റു സ്റ്റേറ്റുകൾ അംഗീകരിച്ചിട്ടില്ല. അക്കാര്യം ഇപ്പോൾ എഴുത്തുകുത്തിലിരിക്കയാണു്.

ശ്രീ. എൻ. ഇ. ബലറാം : ഫാക്ടറികൾക്ക് അസിസ്റ്റൻസ് ഒന്നും കിട്ടാത്തതുകൊണ്ടു് കടകൾ തുടങ്ങാൻ സാദ്ധ്യമല്ലെന്നു് ഗവണ്മെന്റിനെ അറിയിച്ചിരിക്കെ ഗവണ്മെന്റുതന്നെ താൽക്കാലികമായിട്ട മുന്നൂറിലധികം തൊഴിലാളികൾ ജോലിചെയ്യുന്ന വ്യവസായസ്ഥാപനങ്ങളിൽ ന്യായവിലഷാപ്പുകൾ തുറന്നു് അവർക്ക് അരി കൊടുക്കാൻവേണ്ടിയുള്ള നടപടികൾ അടിയന്തിരമായി ആലോചിക്കുമോ ?

ശ്രീ. ഇ. പി. പൗലോസ് : കൺസ്യൂമർ കോ ഓപ്പറേറ്റീവ് സൊസൈറ്റികൾ ഗവണ്മെന്റിന്റെ ഉടമയിലുള്ള എല്ലാ വ്യവസായസ്ഥാപനങ്ങളിലും സ്ഥാപിച്ചുകഴിഞ്ഞു. അതു കൂടാതെ പ്രൈവറ്റുടമയിലുള്ള വ്യവസായസ്ഥാപനങ്ങളിൽ ഗവണ്മെന്റിൽനിന്നു നേരിട്ടുതന്നെ ഇതു സ്ഥാപിച്ചു നടത്താൻ ബുദ്ധിമുട്ടുണ്ട്. ഇൻഡ്യാഗവണ്മെന്റു് എന്തെങ്കിലും അസിസ്റ്റൻസു തരികയാണെങ്കിൽ അതുചെയ്യാം. എന്നാൽ അതു തരുമോ എന്നുള്ളകാര്യം സംശയമാണ്. അതുകൊണ്ടു് കൂടുതലായിഎന്തെങ്കിലും ചെയ്യാൻനിവൃത്തിയില്ല.

ക്യാമ്പുഷെഡ്ഡുകൾ

* 959. [23] ശ്രീ. എം. ഏ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പണി പൂർത്തിയായ എത്ര ക്യാമ്പുഷെഡ്ഡുകൾ പൊതുജനങ്ങളുടെ ഉപയോഗത്തിനു തുറന്നുകൊടുക്കാത്തതായുണ്ടു് ;

(ബി) അങ്കമാലിയിലെ ക്യാമ്പുഷെഡ്ഡിന്റെ പണി എന്നാണു് പൂർത്തിയായതു് ;

LIBRARY ARCHIVES Kerala Legislative Assembly